# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.230/PR/PIC/PHQ/18 Date:08.09.2018

---

## ആൾക്കൂട്ടകൊലപാതകവും അക്രമവും തടയാൻ വിവിധ നടപടികൾക്ക് നിർദശങ്ങളായി.

ആൾക്കൂട്ടകൊലപാതകവും അക്രമവും തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കാൻ നിർദേശിച്ച് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ സർക്കുലർ പുറപ്പെടുവിച്ചു. ഇതു സംബന്ധിച്ച സുപ്രീംകോടതി വിധിയിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണിത്.

നിയമവാഴ്ച്ചയ്ക്കും ഭരണഘടനയുടെ ഉന്നത മൂല്യങ്ങൾക്കു തന്നെയും വിഘാതമാകുന്ന ആൾക്കൂട്ട അക്രമവും കൊലപാതകവും കർശനമായി തടയേണ്ടതുണ്ട്. ഇതിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ പോലീസ് മേധാവിമാരെ നോഡൽ ഓഫീസർമാരായി നിയോഗിച്ചു. ഇവരെ സഹായിക്കുന്നതിനായി ഡിവൈ എസ് പി റാങ്കിലുള്ള ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവരുടെ നേതൃത്വത്തിൽ ജില്ലകളിൽ പ്രത്യേക കർമസേനയും (special task force) രൂപീകരിക്കും. ആൾക്കൂട്ടകൊലപാതകത്തിനും അക്രമത്തിനും നേതൃത്വം നൽകാൻ സാധ്യതയുള്ളവരേയും അത്തരം സംഭവങ്ങൾ നടക്കാൻ സാധ്യതയുള്ള സ്ഥലങ്ങളേയും കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക, വിദ്വേഷപ്രസംഗങ്ങളോ പ്രകോപനപരമായ പ്രസ്താവനകളോ ഇതുമായി ബന്ധപ്പെട്ട വ്യാജവാർത്തകളോ പ്രചരിപ്പിക്കുന്നവരെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക എന്നതും കർമസേനയുടെ ചുമതലയാണ്. ഇന്റലിജൻസ് വിവരങ്ങളുടെയോ മുൻ അനുഭവങ്ങളുടെയോ അടിസ്ഥാനത്തിൽ പ്രശ്ന സാധ്യതാ പ്രദേശങ്ങളിൽ ആൾക്കൂട്ടം നിയമം കൈയ്യിലെടുക്കുന്നത് തടയാൻ പോലീസ് പട്രോളിങ് കൂടുതൽ ഗൗരവപൂർവം നടത്താനും നിർദേശിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച സുപ്രീം കോടതി താഴെപ്പറയുന്ന നിർദ്ദേശങ്ങളും കർശനമായി പാലിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്.

നോഡൽ ഓഫീസർമാർ മാസത്തിലൊരിക്കലെങ്കിലും ജില്ലയിലെ ഇന്റലിജൻസ് വിഭാഗത്തിന്റേയും സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടേയും യോഗം വിളിക്കണം. ആൾക്കൂട്ട അതിക്ര

മങ്ങൾക്കും ആൾക്കൂട്ടം നിയമം കൈയിലെടുക്കുന്നതിനുമുള്ള സാഹചര്യങ്ങൾ, സാമൂഹിക മാധ്യമങ്ങൾ വഴിയും അല്ലാതെയും സമൂഹത്തിലെ ഏതെങ്കിലും വിഭാഗങ്ങളെ ലക്ഷ്യം വച്ചുള്ള വിദ്വേഷകരമായ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിലയിരുത്തൽ ഈ യോഗങ്ങളിൽ നടത്തണം. ഇത്തരം സംഭവങ്ങളിൽ ഏതെങ്കിലും സാമുദായത്തിനോ ജാതിക്കോ എതിരെ ലക്ഷ്യം വയ്ക്കുന്നുവെങ്കിൽ അവയ്ക്കെതിരെ വിദ്വേഷം ഉണ്ടാകാതെ തടയുന്നതിനും നോഡൽ ഓഫീസർമാർ നടപടി സ്വീകരിക്കണം.

ഒന്നിലേറെ ജില്ലകളെ ബാധിക്കുന്ന തരത്തിലുള്ള എന്തെങ്കിലും അക്രമസംഭവങ്ങൾക്ക് സാധ്യയുണ്ടെങ്കിൽ അവ തടയുന്നതിനുള്ള പൊതുവായ തന്ത്രങ്ങൾക്ക് രൂപം നല്കുന്നതിനായി ആ വിവരം നോഡൽ ഓഫീസർ സംസ്ഥാന പോലീസ് മേധാവിയുടെ ശ്രദ്ധയിൽപ്പെടുത്തണം.

ആൾക്കുട്ട അതിക്രമത്തിനോ കൊലപാതകത്തിനോ ഉള്ള സാഹചര്യം നിലനിൽക്കുന്നുവെന്നു ബോധ്യപ്പെട്ടാൽ ജനക്കൂട്ടത്തെ പിരിച്ചുവിടുന്നതിന് ക്രിമിനൽ നടപടി ക്രമത്തിലെ 129 -ാം വകുപ്പുപ്രകാരം എല്ലാ പോലീസ് ഉദ്യോഗസ്ഥരും ബാധ്യസ്ഥരാണ്.

ആൾക്കൂട്ടക്കൊലപാതകങ്ങളും അക്രമങ്ങളും പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള വീഡിയോകൾ. സന്ദേശങ്ങൾ എന്നിവ പ്രചരിപ്പിക്കുന്നവർക്കെതിരേ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 153 A വകുപ്പു പ്രകാരമോ മറ്റ് ഉചിതമായ വകുപ്പുകൾ പ്രകാരമോ കേസ് രജിസ്റ്റർ ചെയ്യണം.

പ്രതിരോധ നടപടകൾക്കിടയിലും സംസ്ഥാനത്ത് എവിടെയെങ്കിലും ആൾക്കൂട്ടകൊലപാതകമോ അക്രമമോ നടന്നാൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെയോ മറ്റു നിയമങ്ങളിലെയോ പ്രസക്ത വകുപ്പുകൾ പ്രകാരം ബന്ധപ്പെട്ട ലോക്കൽ പോലീസ് സ്റ്റേഷനിൽ കാലംതാമസംകൂടാതെ എഫ് ഐ ആർ രജിസ്റ്റർ ചെയ്യണം. ഈ വിവരം സ്റ്റേഷൻ ഹൗസ് ഓഫീസർ നോഡൽ ഓഫീസറെ ഉടൻ അറിയിക്കുകയും ഇരകൾക്കും കുടുംബാംഗങ്ങൾക്കും കൂടുതൽ പ്രശ്നങ്ങളുണ്ടാകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. ഈ കേസുകളുടെ അന്വേഷണം നോഡൽ ഓഫീസർമാർ പ്രത്യേകമായി നിരീക്ഷിക്കണം. സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കാനും കുറ്റപത്രം സമർപ്പിക്കാനും നോഡൽ ഓഫീസർ നടപടി സ്വീകരിക്കണം. ഇത്തരം കേസുകൾ ഇതിനായി നിശ്ചയിച്ചിട്ടുള്ള ഫാസ്റ്റ് ട്രാക്ക് കോടതിയിലോ പ്രത്യേക കോടതിയിലോ വിചാരണ നടത്തണമെന്നും കഴിയുന്നതും കേസെടുത്തതിന്റെ ആറുമാസത്തിനുള്ളിൽ വിചാരണ പൂർത്തിയാക്കണമെന്നും സുപ്രീം കോടതി നിർദേശിച്ചിട്ടുണ്ട്.

ആൾക്കൂട്ടക്കൊലപാതകത്തെക്കുറിച്ചോ അക്രമത്തിനെക്കുറിച്ചോ വിവരം നൽകുന്ന സാക്ഷികളുണ്ടെങ്കിൽ അവരുടെ മേൽവിലാസമുൾപ്പെടെയുള്ള വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കണമെന്നും സുപ്രീം കോടതി നിർദേശങ്ങളിൽ പറയുന്നു.

ആൾക്കൂട്ടക്കൊലപാതകങ്ങളും അക്രമവും തടയുന്നതിനുള്ള ഈ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിൽ വീഴ്ച്ച വരുത്തുന്നവർക്കെതിരേ കർശന നടപടി സ്വീകരിക്കുന്നതിനും നിർദേശിച്ചിട്ടുണ്ട്.

****************